പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 405 — 29.06.2015-ൽ മറുപടിയ്ക്ക്

# ദീൻദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | പുതിയ കേന്ദ്ര സർക്കാർ ദീൻദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ ; | (ബി) | എല്ലാവർക്കും വൈദ്യുതി, 24 മണിക്കൂറും വൈദ്യുതി, പ്രസരണ/വിതരണ നഷ്ടം കുറയ്ക്കൽ എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ. |
| (സി) | ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ചെയ്യേണ്ടത് എന്നും, ആരെയാണ് പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നും വിശദമാക്കുമോ ; | (സി) | സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ മേൽ പ്രസ്താവിച്ച ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട ലോകസഭാ അംഗം ഉൾപ്പെടെയുള്ള ജനപ്രതിനിധികളുമായി ചർച്ച ചെയ്ത്, വൈദ്യുതി വിതരണ സ്ഥാപനങ്ങൾ കണ്ടെത്തുകയും ജില്ലാ/സർക്കിൾതല സ്കീമുകൾ തയ്യാറാക്കുകയും ചെയ്യുന്നു. പ്രസ്തുത സ്കീമുകൾ ചീഫ് സെക്രട്ടറി തലവനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റി (എസ്.എൽ.എസ്.സി) യുടെ നിർദ്ദേശത്തോടെ നോഡൽ ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (ആർ.ഇ.സി) വഴി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ സമർപ്പിക്കുന്നു. ഊർജ്ജ മന്ത്രാലയത്തിലെ മോണിറ്ററിംഗ് കമ്മിറ്റിയാണ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്. സംസ്ഥാനങ്ങളിലെ വൈദ്യുതി വിതരണ സ്ഥാപനങ്ങളെയാണ് പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | ഇത് പുതിയ പദ്ധതിയാണോയെന്നും പഴയ ഏതെങ്കിലും പദ്ധതിയുടെ പേര് മാറ്റി നടപ്പിലാക്കുന്നതാണോയെന്നും വ്യക്തമാക്കുമോ ? | (ഡി) | പുതിയ പദ്ധതിയാണ്. |

സെക്ഷൻ ഓഫീസർ.